File No.TCPCTP/405/2022-A6

ഭരണഭാഷ - മാതൃഭാഷ
REGD WITH A/D

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം,**
**തിരുവനന്തപുരം**

വിഷയം :- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്, മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം- ജീവനക്കാര്യം -ശ്രീ. ഷാജി കുമാർ.ജെ, , ഓഫീസ്അറ്റൻഡന്റ്/ചെയിൻമാൻ/വാച്ചുമാൻ - (22 വർഷം) മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : -

1. കാസർഗോഡ് കെ.പി.എസ്.സി-യിൽ നിന്നുള്ള 02/11/99 ലെ KGDI(1) 2107/96(XII) നമ്പർ നിയമന ശുപാർശ.
2. മുഖ്യനഗരാസൂത്രകന്റെ 16/03/2001-ലെ എ 5/8054/2000 നമ്പർ ഉത്തരവ്
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 18/12/2008-ലെ എ 5/2748/2003 നമ്പർ ഉത്തരവ്.
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 16/09/2015 ലെ A1/8258/15/KDis നമ്പർ ഉത്തരവ്.
5. കൊല്ലം ജില്ലാടൗൺപ്ലാനറുടെ 27/01/2022-ലെ TCPKLM/28/2022-A നമ്പർ കത്ത്.
6. ജി.ഒ.(പി)നം.27/2021/ധന, തീയതി .10/02/2021

---

എസ്റ്റാബ്ലിഷ് മെന്റ് സെക്ഷൻ

ഉത്തരവ് നം. TCPCTP/408/2022-A6 തീയതി : **24/02/2022**

---

**ഉത്തരവ്**

ശ്രീ. ഷാജി കുമാർ.ജെ, പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പ്യൂൺ തസ്തികയിൽ 30/11/1999 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ചു. ടിയാന് പരാമർശം(2) പ്രകാരം ഈ വകുപ്പിലേക്ക് Inter Department Transfer ലഭിക്കുകയും ടിയാൻ കൊല്ലം നഗരാസൂത്രകന്റെ കാര്യാലയത്തിൽ 26/03/2001 പൂർവ്വാഹ്നതിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് ചെയിൻമാൻ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ച ടിയാന് പരാമർശം(3) പ്രകാരം 01/03/2006 പൂർവ്വാഹ്നം മുതൽ റേഷ്യോ ഹയർ ഗ്രേഡ് നൽകിയും, പരാമർശം (4) ഉത്തരവ് പ്രകാരം ടി തസ്തികയിൽ പതിനഞ്ചു വർഷത്തെ തുടർച്ചയായ സേവനത്തിനു ടിയാൾക്ക് 30/11/2014 പൂർവ്വാഹ്നം മുതൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

29/11/2021 അപരാഹ്നത്തിൽ ടിയാൻ 22 വർഷത്തെ സേവനം ടി തസ്തികയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഈ കാലയളവിൽ ടിയാൻ ഗ്രേഡിനെ ബാധിക്കുന്ന അവധികളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ല എന്നും വകുപ്പ്തല അച്ചടക്ക നടപടികൾ ഒന്നുമുണ്ടായിട്ടില്ല എന്നും പരാമർശം (5) കത്ത് പ്രകാരം കൊല്ലം നഗരാസൂത്രകാൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം (6) -ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന് 30/11/2021 പൂർവ്വാഹ്നം മുതൽ 26500-60700/- രൂപ ശമ്പള സ്കെയിലിൽ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡിന് അർഹതയുണ്ട് .

.63750 GOVERNMENT OF KERALA

File No.TCPCTP/405/2022-A6

ഈ സാഹചര്യത്തിൽ കൊല്ലം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്/ വാച്ചുമാനായ ശ്രീ. ഷാജികുമാർ.ജെ (ഹ.ഗ്രേ) -ന് 30/11/2021 പൂർവ്വാഹ്നം മുതൽ 22 വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയതിനുള്ള മൂന്നാം സമയ ബന്ധിത ഹയർഗ്രേഡ് 26500-60700/-രൂപ ശമ്പള സ്കെയിലിൽ (revised) പരാമർശം (6) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

Signature valid
Digitally signed by ASEEM A
Date: 2022.02.24 14:22:12 IST
Reason: Approved

**അസീം.എ**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ. ഷാജികുമാർ.ജെ, ഓഫീസ് അറ്റൻഡന്റ് /ചെയിൻമാൻ/വാച്ചുമാൻ,
ജില്ലാനഗരാസൂത്രകന്റെ കാര്യാലയം
കൊല്ലം (മേലധികാരി മുഖേന)

പകർപ്പ് :- 1. സേവനപുസ്തകം
2. കൊല്ലം ജില്ലാ നഗരാസൂത്രകൻ(സേവന പുസ്തകം ഉള്ളടക്കം ചെയ്യുന്നു).
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

*SR21022022*